പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം-നം.1053. 12.6.2014 ൽ മറുപടിക്ക്.

അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദു മ) | | ശ്രീ. പി. കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഹയർസെക്കന്ററി - ബിരുദ തലത്തിൽ പൊതു - ഉന്നത വിദ്യാഭ്യാസ വകുപ്പുകൾ നടത്തി വരുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ (അസാപ്) പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) | കേരള ഗവർണ്ണർ 2014 ജനുവരിയിൽ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ ഒരോ നിയമസഭ നിയോജക മണ്ഡലത്തിലും ഓരോന്നു വീതം 140 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് സ്കിൽ പാർക്കുകളുടെ ഘടന രൂപപ്പെടുത്തുന്നതിനും അനുയോജ്യമായ സ്ഥലം നിർണ്ണയിക്കുന്നതിനുമുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (ബി) | ആർട്സ് ആന്റ് സയൻസ് കോളേജുകളിലും ഹയർസെക്കന്ററി സ്കൂളുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കും മറ്റു വിദ്യാർത്ഥികൾക്കും സ്കിൽ കോഴ്സുകൾക്ക് പ്രവേശനം സാദ്ധ്യമാകുംവിധം ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രങ്ങളായിരിക്കും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. തൊഴിൽ ചെയ്യുന്നവർക്ക് അധിക വൈദഗ്ധ്യം നേടുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കും. കൂടാതെ സമീപത്തെ വിദ്യാലയങ്ങൾക്ക് ഇവിടത്തെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ക്രമീകരണവും ഒരുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ